**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പുനർവിന്യാസ വ്യവസ്ഥയിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീ.രതീഷ് എ.കെ.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും പകരം ശ്രീ.സന്തോഷ് എസ്.ആർ.-നെ ആലപ്പുഴ ജില്ലാപഞ്ചായത്തിലേക്ക് പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2382/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 06.09.2018.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.93/2018/കൃഷി, തീയതി, 30.01.2018.

2) സ.ഉ.(സാധാ) നം.750/2018/കൃഷി, തീയതി, 26.07.2018.

3) പഞ്ചായത്ത് ഡയറക്ടറുടെ 16.08.2018-ലെ ഇ9-1095/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനർവിന്യാസ വ്യവസ്ഥയിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീ.രതീഷ് എ.കെ.-യെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ച് പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ.സന്തോഷ് എസ്.ആർ.-നെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു.

2. ആലപ്പുഴ ജില്ലാപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രതീഷ് എ.കെ.-യ്ക്കെതിരായി വിജിലൻസ് കേസുകളോ മറ്റ് അച്ചടക്ക നടപടികളോ ഇല്ലായെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലപ്പുഴ ജില്ലാപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീ.രതീഷ് എ.കെ.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ.സന്തോഷ് എസ്.ആർ.-ന് ആലപ്പുഴ ജില്ലാപഞ്ചായത്തിൽ പുനർവിന്യാസ നിയമനം നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ആലപ്പുഴ.

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ മേധാവി മുഖേന)

കൃഷി വകുപ്പ്.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ